"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ശ്രീജ.പി.ടി, ജൂനിയർ കൺസൾട്ടന്റ് (O&G) ബഹു:ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.907/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 22.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2789/2023/H&FWD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.ശ്രീജ.പി.ടി., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച 17.06.2023 തീയതിയായ അപ്പീൽ (Annexure A5)
3. OA(EKM) No.907/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 22.06.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

ഉത്തരവ്

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ .ശ്രീജ.പി.ടി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.907/2023 ഫയൽ ചെയ്യുകയും ഉണ്ടായി. പരാമർശം (3) ഉത്തരവ് പ്രകാരം അപേക്ഷകയെയും 3 മുതൽ 5 വരെയുള്ള എതിർകക്ഷികളെയും നേരിൽ കേൾക്കുന്നതിനും പരാമർശം (2) അപ്പീൽ അപേക്ഷ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകയെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയും ചെയ്തിരുന്നു.

3) 2023 പൊതുസ്ഥലംമാറ്റത്തിൽ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിന്നും കണ്ണൂർ മയ്യിൽ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലം മാറ്റി എന്നും, മഞ്ചേരി ജനറൽ ആശുപത്രി, പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, കുറ്റിപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി, മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് ഓപ്ഷൻ നൽകിയിരുന്നെങ്കിലും, വാസസ്ഥലത്തു നിന്നും 198 കി.മീ. അകലെയുള്ള സ്ഥാപനത്തിലാണ് നിയമിച്ചിരിക്കുന്നതെന്നും, ഭർത്താവ് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്നതായും, പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പരിഗണിച്ച് ജില്ലയിൽ തന്നെ നിയമനം നൽകണമെന്ന് സൂചന (2) അപ്പീൽ പ്രകാരം ഡോ.ശ്രീജ അപേക്ഷിച്ചിരുന്നു.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷക സ്ഥലംമാറ്റം ആവശ്യപ്പെട്ട മഞ്ചേരി ജനറൽ ആശുപത്രിയിൽ 07/04/2018 മുതൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന മിശ്ര വിവാഹിതനായ ആയ ഡോ. റോഹൻസ് ജോയ്-യെയും 25/07/2018 മുതൽ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന SC /ST വിഭാഗത്തിൽപെട്ടതും മിശ്രവിവാഹിതയുമായ ആയ ഡോ.സുജിത മാധവനെയുമാണ് നിയമിച്ചിരിക്കുന്നത്. പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിയമിച്ചത് 4.12.2019 മുതൽ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.റസീന.പി.എസ്.-നെയും, കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിയമിച്ചത് 02.12.2016 മുതൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.സിനി.എ.ടി-യെയും, 01.06.2016 മുതൽ നിലമ്പൂർ ജില്ലാ ആശുപത്രി ജോലി ചെയ്യുന്ന ഡോ.ബുഷ്റ.എ-യെയുമാണ്. ടിയാൾ സ്ഥലംമാറ്റം ആവശ്യപ്പെട്ട മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം

സ്ഥലംമാറ്റത്തിന് പരിഗണിക്കാവുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. ആയതിനാൽ അപേക്ഷകയുടെ അപ്പീൽ നിരസിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് മലപ്പുറം ജില്ലയിൽ നിയമനം ആവശ്യപ്പെട്ട് ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശ്രീജ.പി.ടി. സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.907/2023-ന്മേലുള്ള 22.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SREEJITH V P**
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം / കണ്ണൂർ
Dr.Sreeja.P.T, Junior Consultant (O&G), "Sreehari", Vaniyambalam.P.O., Malappuram - 679 339.
Dr.Rohans Joy, Junior Consultant (O&G), Taluk Head Quarters Hospital, Thamarassery, Kozhikode - 673 573.
Dr.Sujitha Madhavan, Junior Consultant (O&G), Taluk Hospital, Kuttipuram, Malappuram - 679 571.
Dr.Ragitha.G, Junior Consultant (O&G), CHC, Mayyil, Kannur - 670602.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 25-10-2023 17:24:37

മേലെഴുത്ത് നം. ഇ.ഒ-5160/2023/ആ.വ.ഡ, തീയതി 26.10.2023 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി